# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 280 — 28/11/2018-ൽ മറുപടിക്ക്

## കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.മോൻസ് ജോസഫ്** | | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്ത് ഏതെല്ലാം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾക്കാണ് ദേശീയ ആരോഗ്യ മിഷൻ ഈ വർഷം കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | എ) | ഈ സാമ്പത്തിക വർഷം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ നിർമ്മാണത്തിന് ദേശീയ ആരോഗ്യ ദൗത്യത്തിന് (എൻ.എച്ച്.എം) കീഴിൽ ഫണ്ട് വകയിരുത്തിയിട്ടില്ല. |
| ബി) | ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; കെട്ടിട നിർമ്മാണത്തിന് ഫണ്ട് നൽകുന്നതിലെ മാനദണ്ഡം വ്യക്തമാക്കാമോ; | ബി) | സംസ്ഥാനത്തെ ആരോഗ്യ സംവിധാനത്തിന് ന്യൂനതകൾ പരിഹരിക്കുന്നതിന് ആവശ്യമായ അധിക സംവിധാനങ്ങൾ ലഭ്യമാക്കുന്നതിനാണ് ദേശീയ ആരോഗ്യ ദൗത്യത്തിന്റെ വിഭവങ്ങൾ പ്രയോജനപ്പെടുത്തുന്നത്. ഇതിനായി കെട്ടിട നിർമ്മാണമോ വിപുലീകരണമോ ആവശ്യമെങ്കിൽ ഈ വിവരം ജില്ലകളിൽ നിന്നും ശേഖരിക്കുകയും കേന്ദ്രസർക്കാരിന് നൽകുന്ന പ്ലാനിന്റെ ഭാഗമായി സമർപ്പിക്കുകയും ചെയ്യുന്നു. പ്രസ്തുത പ്ലാനിൽ കേന്ദ്രം അംഗീകരിക്കുന്ന പ്രവൃത്തികൾക്കാണ് അനുമതി നൽകുന്നത്. |
| സി) | ദേശീയ ആരോഗ്യ മിഷൻ സംസ്ഥാനത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾക്ക് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കുന്നത് എന്ന് അറിയിക്കാമോ? | സി) | രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് കേന്ദ്രങ്ങൾ, ഓ.പി രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീ സൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാമ്പ് നിർമ്മാണം, രോഗിയുടെ സ്വകാര്യത ഉറപ്പു വരുത്തുന്നതിനാവശ്യമായ പരിശോധന മുറികൾ, കാത്തിരിപ്പ് മുറികൾ, രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപ്പോർട്ട് ചെയർ, മറ്റു കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം എന്നിവ നടപ്പിലാക്കുന്നു. കൂടാതെ മെച്ചപ്പെട്ട ലാബ് സൗകര്യങ്ങൾ നഴ്സുമാരുടെ പ്രീ ചെക്കപ്പും കൗൺസലിംഗ് സംവിധാനം, ഫാർമസി, ഇമ്മ്യൂണൈസേഷൻ മുറി, ശ്വാസ്, ആശ്വാസ് സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതികൾ എന്നിവ ലഭ്യമാക്കി വരുന്നു. കൂടാതെ ആശുപത്രി രോഗീ സൗഹൃദമാക്കുന്നതിന് വിവിധ വിഭാഗങ്ങളിലേയ്ക്കുള്ള ദിശാസൂചകങ്ങൾ സ്പീക്കർ സിസ്റ്റം, മേന്മയേറിയ കിടത്തി ചികിത്സക്കാവശ്യമായ സൗകര്യങ്ങൾ എന്നിവയാണ് ദേശീയ ആരോഗ്യ ദൗത്യം ഒരുക്കുന്നത്. |

സെക്ഷൻ ഓഫീസർ